# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 508 5-7-2012 ന് മറുപടിയ്ക്ക്

## വനഭൂമി അതിർത്തി നിർണ്ണയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ :<br>ശ്രീ.കെ.എം.ഷാജി :<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :<br>ശ്രീ.പി.ബി.അബ്ദുൾ റസാക് : | ശ്രീ.കെ.ബി.ഗണേഷ്കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) സ്വാഭാവിക വനഭൂമിയുടെ അതിർത്തി നിർണ്ണയം നടത്തി അടയാളങ്ങൾ സ്ഥാപിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ ; | (എ) വനഭൂമിയുടെ അതിർത്തി സർവെ നടത്തി വനാതിർത്തികളിൽ സർവെ കല്ലുകളും സ്ഥിരം ജണ്ടകളും ചില സ്ഥലങ്ങളിൽ കയ്യാലകളും സ്ഥാപിച്ച് സംരക്ഷിച്ചുവരുന്നു. |
| (ബി) വനഭൂമിയിന്മേലുള്ള കൈയേറ്റങ്ങൾ കണ്ടെത്താൻ എന്തൊക്കെ സംവിധാനങ്ങളാണ് വനം വകുപ്പിനുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) വനം കയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരമായ പട്രോളിംഗ് നടത്തിയും വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടെയുള്ള വനപരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ വഴിയും വനഭൂമിയിന്മേലുള്ള കയ്യേറ്റങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.കൂടാതെ ഫോറസ്റ്റ് ഇന്റലിജൻസ് സെൽ നടത്തുന്ന രഹസ്യാന്വേഷണങ്ങളിലൂടെയും വിവരങ്ങൾ ലഭിക്കുന്നുണ്ട്. |
| (സി) ഉന്നത വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ നൽകിയിട്ടുള്ള ചുമതലകളെന്തെല്ലാമെന്ന് വിശദമാക്കുമോ ? | (സി) കേരള വനനിയമത്തിലും കേരള വനംവകുപ്പു കോഡിലുമുള്ള ചുമതലകളാണ് വനംവകുപ്പു |

—2

നിർവ്വഹിക്കുന്നത്. 01/01/1977 നു ശേഷമുള്ള വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനായി 06/03/2003 ലെ ജി.ഒ. (എം.എസ്) 15/2003 / വനം പ്രകാരം സർക്കിൾ കൺസർവേറ്റർമാരുടെ അദ്ധ്യക്ഷതയിൽ സർക്കിൾ തല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ.